"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - നിലമ്പൂർ സൗത്ത് ഡിവിഷൻ - എടവണ്ണ പഞ്ചായത്തിലെ എടവണ്ണ വില്ലേജിൽ നിന്നും മമ്പാട് പഞ്ചായത്തിലുള്ള പള്ളിക്കുന്ന് എന്ന സ്ഥലത്തേയ്ക്ക് ബജീന സോമിൽ മാറ്റി സ്ഥാപിക്കുന്നതിന് അനുവാദം നൽകിയതിലെ ക്രമക്കേടുകൾ - ശ്രീ.ജെയിംസ് മാത്യു, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.108/2021/വനം തിരുവനന്തപുരം, തീയതി, 31/03/2021

---

പരാമർശം:- (1) 05.03.2016 ലെ 367298/എ1/2015/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും.

(2) 31.03.2016 തീയതിയായി ശ്രീ.ജെയിംസ് മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) സമർപ്പിച്ച പ്രതിവാദ പത്രിക.

(3) 27.02.2018-ലെ സ.ഉ.(സാധാ.) നം. 92/18/വനം, 02.05.2018-ലെ സ.ഉ.(സാധാ.) നം. 203/18/വനം ഉത്തരവുകൾ.

(4) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 29.01.2019, 05.10.2019 എന്നീ തീയതികളിലെ ബി5-63325/15 നമ്പർ കത്തുകൾ.

(5) 10.06.2019-ലെ 367298/എ1/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

(6) 20.07.2019 തീയതിയായി ശ്രീ.ജയിംസ് മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) സമർപ്പിച്ച വിശദീകരണം.

(7) 02.03.2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1-2/83/2020-KPSC നമ്പർ കത്ത്.

ഉത്തരവ്

നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റോഫീസറായി ജോലി നോക്കിയിരുന്ന

കാലയളവിൽ ശ്രീ.ജെയിംസ് മാത്യു, തൊട്ടടുത്ത വനാതിർത്തിയിൽ നിന്നും 5 കിലോമീറ്റർ ദൂരത്തിൽ എടവണ്ണയിൽ സ്ഥിതിചെയ്തിരുന്ന ബജീന സോമിൽ നിയമവിരുദ്ധമായി മമ്പാട് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വനാതിർത്തിയിൽ നിന്നും 2.576 കിലോമീറ്റർ ചുറ്റളവിലുള്ള മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ചാർജ്ജുകൾ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i) റിസർവ്വ് വനാതിർത്തിയിൽ നിന്നും 5 കി.മീ. ചുറ്റളവിനുള്ളിൽ പ്രവർത്തിക്കുന്ന തടിയധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്ത് തുടരുവാൻ മാത്രമേ 2012-ലെ കേരള വനം (തടിമില്ലുകളുടെയും തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകളുടെയും നിയന്ത്രണം) ചട്ടങ്ങളിലെ 4(2) ചട്ട പ്രകാരം വ്യവസ്ഥയുള്ളൂ എന്നിരിക്കെ എടവണ്ണയിൽ പ്രവർത്തിച്ചിരുന്ന ബജീന സോമിൽ എന്ന സ്ഥാപനത്തിന് മമ്പാട് എന്ന സ്ഥലത്ത് വനാതിർത്തിയിൽ നിന്നും കേവലം 2.576 കിലോമീറ്റർ മാത്രം അകലെയുള്ള സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ അനുമതി നൽകുക വഴി ടിയാൻ ചട്ടം ലംഘിച്ച് ടി സോമിൽ ഉടമയ്ക്ക് അനർഹമായി സഹായം നൽകി.

(ii) സോമില്ലുകൾ മാറ്റി സ്ഥാപിക്കുവാൻ അനുമതി നൽകുന്നത് പ്രവർത്തിക്കുന്ന സ്ഥലത്തേയും, മാറ്റി സ്ഥാപിക്കുന്ന സ്ഥലത്തേയും ഗ്രാമ പഞ്ചായത്തിന്റേയും ജില്ലാ മെഡിക്കൽ ഓഫീസറുടേയും നിരാക്ഷേപപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പാടുള്ളൂ എന്നിരിക്കെ ടിയാൻ ബജീനാ സോമില്ലിന് മാറ്റി സ്ഥാപിക്കാൻ 23.10.2015-ൽ അനുമതി നൽകി. ഗ്രാമപഞ്ചായത്തിന്റെയും ജില്ലാ മെഡിക്കൽ ഓഫീസറുടെയും നിരാക്ഷേപപത്രങ്ങൾ സമർപ്പിച്ചിട്ടുള്ളത് അതിനുശേഷം യഥാക്രമം 02.02.2015 ലും 04.02.2015 ലുമാണ്. അതുവഴി ടിയാൻ മേൽ ചട്ടങ്ങളിലെ 13 (6) ചട്ടം ലംഘിച്ച് അനാവശ്യമായ തിടുക്കം കാട്ടി ബജീനാ സോമില്ലിന് മാറ്റി സ്ഥാപിക്കാൻ അനുമതി നൽകി.

(iii) നിലവിലുള്ള സോമില്ലുകളുടെ യന്ത്രശേഷി വർദ്ധിപ്പിക്കുന്നതിന് അസംസ്കൃത വസ്തുക്കളുടെ ലഭ്യത സംബന്ധിച്ച അഡ്വൈസറി കമ്മിറ്റിയുടെ പരിശോധനാ റിപ്പോർട്ട് അനിവാര്യമാണെന്ന ടി ചട്ടങ്ങളിലെ 12(3) പ്രകാരമുള്ള വ്യവസ്ഥ നിലവിലിരിക്കെ, ടിയാൻ സ്വമേധയാ അനുമതി നൽകുക വഴി ചട്ടലംഘനം നടത്തി.

(iv) ബജീനാ സോമില്ലിന്റെ യന്ത്രശേഷി വർദ്ധിപ്പിക്കുന്നതിന് സ്ഥാപന ഉടമ രേഖാമൂലം അപേക്ഷ സമർപ്പിക്കുകയോ നിശ്ചിത ഫീസ് സർക്കാരിലേയ്ക്ക് ഒടുക്കുകയോ ചെയ്യാതിരിക്കെ തന്നെ ടിയാൻ പ്രവർത്തനശേഷി വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകിയത് വഴി സോമിൽ ഉടമയെ വഴിവിട്ട് സഹായിക്കുകയും സർക്കാരിന് നഷ്ടം വരുത്തുകയും ചെയ്യുതുകൊണ്ട് ടി ചട്ടങ്ങളിലെ ചട്ടം 12(2) ചട്ടം ലംഘിച്ചു.

(v) ബജീനാ സോമില്ലിന് ലൈസൻസ് അനുവദിക്കുന്നതിന് മുമ്പ് അപേക്ഷകൻ ഏതെങ്കിലും വനം കുറ്റത്തിൽപ്പെട്ട ആളാണോയെന്ന് ടിയാൻ പരിശോധിച്ചതായി കാണുന്നില്ല. ടി സോമില്ല് പ്രവർത്തിക്കുന്ന സ്ഥലത്ത് അധികാരമുള്ള കാളികാവ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും മേൽ വിഷയത്തിൽ റിപ്പോർട്ട് തേടാതെ ബന്ധപ്പെട്ട ഫയൽ ടിയാന്റെ ഓഫീസിലെ മിനിസ്റ്റീരിയൽ വിഭാഗം ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിന് അവസരം നിഷേധിച്ചുകൊണ്ട് അതുവഴി ചട്ടലംഘനം ചൂണ്ടിക്കാണിക്കുന്നതിനുള്ള അവസരം ഇല്ലാതാക്കി ബജീന സോമില്ലിന് അവിഹിതമായി ലൈസൻസ് അനുവദിക്കുന്നതിന് ടിയാൻ സ്വാർത്ഥ താൽപ്പര്യം കാണിച്ചു.

(vi) ഐ.എഫ്.എസ്. കേഡറിൽപ്പെട്ട റാന്നി ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ പോസ്റ്റിലേയ്ക്ക് ടിയാനെ നിയമിക്കണമെന്ന് വനം മേധാവിയ്ക്ക് നൽകിയ അപേക്ഷയുടെ പകർപ്പ് ആൾ കേരളാ സോമിൽ & വുഡ് ഇൻഡസ്ട്രീസ് ഓണേഴ്സ് അസോസിയേഷന്റെ ശുപാർശയോടെ വനം മേധാവിയ്ക്ക്

പ്രസ്തുത സംഘടന നൽകിയതു വഴി ടി അസോസിയേഷനും ടിയാനും തമ്മിലുള്ള അവിശുദ്ധ ബന്ധം വ്യക്തമാകുന്നു.

(vii) മേൽപ്പറഞ്ഞ 1 മുതൽ 6 വരെയുള്ള പ്രവൃത്തികൾ വഴി ടിയാൻ ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും, അധികാര ദുർവിനിയോഗവും അതുവഴി സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനവും നടത്തിയതായി വെളിവാകുന്നു.

2) ശ്രീ.ജയിംസ് മാത്യു പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രിക തൃപ്തികരമല്ലാത്തതിനാൽ പരാമർശം (3) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി.

3) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4)-ലെ 29.01.2019-ലെ കത്ത് പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി. ഔപചാരികാന്വേഷണത്തിൽ ശ്രീ.ജയിംസ് മാത്യുവിനെതിരെയുള്ള ചാർജ്ജുകളിൽ ഒന്നാമത്തെ ചാർജ്ജ് പൂർണ്ണമായും 2, 3, 5, 6 ചാർജ്ജുകൾ ഭാഗികമായി തെളിഞ്ഞതായും കണ്ടെത്തിയിരുന്നു. 4-ാമത്തെ ചാർജ്ജ് തെളിയിക്കപ്പെട്ടിരുന്നില്ല.

4) അന്വേഷണ റിപ്പോർട്ട് അംഗീകരിച്ച് വിരമിച്ച ശ്രീ.ജയിംസ് മാത്യുവിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 പ്രകാരം കുറവു ചെയ്യുന്നതിന് തീരുമാനിച്ച് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് ടിയാൻ പരാമർശം (6) പ്രകാരം സമർപ്പിച്ച വിശദീകരണം അംഗീകരിക്കാവുന്നതല്ലായെന്ന് പരാമർശം (4)-ലെ 05.10.2019-ലെ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തു.

5) സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ശ്രീ.ജയിംസ് മാത്യുവിനെ നേരിൽ കേൾക്കുകയും നേരിൽ കേൾക്കുന്ന സമയത്ത് ടിയാൻ ഉന്നയിച്ച വാദങ്ങളും ബന്ധപ്പെട്ട ഫയലുകളും വിശദമായി പരിശോധിക്കുകയും ചെയ്തു. കേരള വനം (തടിമില്ലുകളുടെയും മറ്റ് തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകളുടെയും നിയന്ത്രണം) ചട്ടങ്ങളിലെ ചട്ടം 4(2), 13(6), 13(3), 12(3) എന്നിവ ലംഘിച്ചാണ് സാമിൽ മാറ്റി സ്ഥാപിക്കുന്നതിന് ടിയാൻ 23.01.2015-ൽ അനുമതി നൽകിയിട്ടുള്ളതെന്ന് ഔപചാരികാന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളതാണ്. ടിയാനെതിരെയുള്ള ചാർജ്ജുകളെ ഖണ്ഡിക്കത്തക്ക വാദങ്ങളൊന്നും തന്നെ ടിയാൻ ഉന്നയിച്ചിട്ടുമില്ല.

6) കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ച പ്രകാരം ശ്രീ.ജയിംസ് മാത്യുവിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് തീരുമാനിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയുണ്ടായി. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സർക്കാരിന്റെ തീരുമാനത്തോട് യോജിക്കുന്നതായി പരാമർശം (7) പ്രകാരം അറിയിച്ചു.

7) ഈ സാഹചര്യത്തിൽ റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ശ്രീ.ജയിംസ് മാത്യുവിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ (അഞ്ഞൂറ് രൂപ) വീതം മൂന്ന് വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 പ്രകാരം കുറവ് ചെയ്യുന്നതിന് തീരുമാനിച്ചുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ. ജെയിംസ് മാത്യു, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം

(ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പിഎസ്) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by
ANILKUMAR C
Date: 2021.0[illegible] 11:06:42 IST
Reason: Approved
സെക്ഷൻ ഓഫീസർ